"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ്- സ്വകാര്യ എയ്ഡഡ് കോളെജുകൾ-കുന്നംകുളം ശ്രീ.വിവേകാനന്ദ കോളേജിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരനായിരുന്ന ശ്രീ.എ.റ്റി.നാരായണൻ നമ്പൂതിരി അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന 12-01-2007 മുതൽ 19-03-2012 വരെയും 12-06-2013 മുതൽ 31-05-2015 വരെയുമുള്ള കാലയളവ് ക്രമീകരിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു

ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്

G.O.(Rt)No.1030/2020/HEDN തീയതി,തിരുവനന്തപുരം, 15/08/2020

പരാമർശം:- 1 ശ്രീ.എ.റ്റി.നാരായണൻ നമ്പൂതിരി ഫയൽ ചെയ്ത WP(C) No.39232/17-ൽ ബഹു.ഹൈക്കോടതിയുടെ 21.8.2019ലെ ഉത്തരവ്

2 കോളെജ് വിദ്യാഭ്യാസ ഡയറക്ടറുടെ 13.11.2019, 14.1.2020, 3.3.2020, 26.5.2020 എന്നീ തീയതികളിലെ ഇ5/9480/2013/കോ.വി.വ നമ്പർ കത്തുകൾ

ഉത്തരവ്

കുന്നംകുളം ശ്രീ.വിവേകാനന്ദാ എയ്ഡഡ് കോളേജിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരനായിരുന്ന ശ്രീ.എ.റ്റി.നാരായണൻ നമ്പൂതിരി അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 12-01-2007 മുതൽ 19-03-2012 വരെയും 12-06-2013 മുതൽ 31-05-2015 വരെയുമുള്ള കാലയളവ് ക്രമീകരിക്കുന്നതിനുള്ള അപേക്ഷ ബഹു.ഹൈക്കോടതിയുടെ സൂചന (1)ലെ ഉത്തരവിൻ പ്രകാരം കോളെജ് വിദ്യാഭ്യാസ ഡയറക്ടർ, സൂചന (2) പ്രകാരം സർക്കാരിന് ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.എ.റ്റി.നാരായണൻ നമ്പൂതിരി അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന 12-01-2007 മുതൽ 19-03-2012 വരെയും 12-06-2013 മുതൽ 31-05-2015 വരെയുമുള്ള കാലയളവ് 12-01-2007-ന് മുൻപ് ടിയാന്റെ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടുള്ള പക്ഷം മുൻകാല സർവ്വീസ് നഷ്ടമാകാത്ത വിധവും അല്ലാത്തപക്ഷം മുൻകാല സർവ്വീസ് നഷ്ടമാകും വിധവും 'നോൺ ഡ്യൂട്ടി'യായി ക്രമീകരിക്കുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

കെ.എസ്.ആർ, ഭാഗം I, അനുബന്ധം XII A, ചട്ടം 9 പ്രകാരം ടി അവധി അനുവദിച്ച് ലഭിക്കാതെ അവധിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്ന് പിരിച്ച് വിടേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നിരിക്കെ ശ്രീ.എ.റ്റി.നാരായണൻ നമ്പൂതിരിയ്ക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി തുടരേണ്ട എന്ന് മാനേജ്മെന്റ് തീരുമാനിച്ചത് ചട്ടപ്രകാരമല്ല.

അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ശ്രീ.എ.റ്റി.നാരായണൻ നമ്പൂതിരിക്കെതിരെ സർവീസിലിരിക്കുമ്പോൾ തന്നെ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നുവെങ്കിലും 31-

05-2015-ൽ ടിയാൻ വിരമിച്ചതിനാൽ മേൽനടപടികൾ സ്വീകരിക്കേണ്ടതില്ല എന്ന് മാനേജ്മെന്റ് തീരുമാനിച്ചത് ചട്ടപ്രകാരമല്ല. ശ്രീ.എ.റ്റി.നാരായണൻ നമ്പൂതിരിയുടെ സംതൃപ്തികരമല്ലാത്ത സർവ്വീസിന്റെ വെളിച്ചത്തിൽ കെ.എസ്.ആർ ഭാഗം III, ചട്ടം 59(b) പ്രകാരം ഒരു കാരണം കാണിക്കൽ നോട്ടീസ് ബന്ധപ്പെട്ടയാൾക്ക് നൽകി ന്യായയുക്തമായ അവസരം നൽകി ടിയാന്റെ മറുപടി വാങ്ങേണ്ടതും കഴിയുമെങ്കിൽ ടിയാനെ കേട്ടതിനുശേഷം മേജർ ശിക്ഷ എന്ന നിലയിൽ മിനിമം പാർട്ട് ടൈം പെൻഷൻ മാത്രം അനുവദിച്ചോ പെൻഷനിൽ ഒരു നിശ്ചിതഭാഗം മാത്രം കുറവ് ചെയ്തോ അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണ്. കൂടാതെ, അച്ചടക്ക നടപടി ഒരു അർദ്ധ ജുഡീഷ്യൽ നടപടി ആയതിനാൽ അതിന്റെ തീർപ്പ് എപ്രകാരം ആയിരിക്കണമെന്ന് തീരുമാനിക്കേണ്ടത് ശിക്ഷണാധികാരിയായതിനാൽ ശ്രീ.എ.റ്റി.നാരായണൻ നമ്പൂതിരിക്കെതിരെയുള്ള അച്ചടക്ക നടപടി സംബന്ധിച്ച തീരുമാനം പുന: പരിശോധിച്ച് കെ.എസ്.ആർ ഭാഗം III, ചട്ടം 59(b) പ്രകാരമുള്ള നടപടി പൂർത്തിയാക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BALASUBRAHMONIAN V
UNDER SECRETARY

പകർപ്പ് :.

1. കോളെജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം **(സേവനപുസ്തകം സഹിതം)**
2. മാനേജർ/പ്രിൻസിപ്പൽ, ശ്രീ.വിവേകാനന്ദ കോളേജ്. കുന്നംകുളം
3. ശ്രീ.എ.റ്റി.നാരായണൻ നമ്പൂതിരി, ആമല്ലൂർ മന, എം.ജി.റോഡ്, ഇരിഞ്ഞാലക്കുട 680121..
4. www.highereducation.kerala.gov.in
5.. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ